# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 26 07.08.2017 — ൽ മറുപടിക്ക്

## മുൻഗണനപ്പട്ടികയിലെ അനർഹർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി.<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീമതി സി.കെ. ആശ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ ഭാഗമായി തയ്യാറാക്കിയ മുൻഗണന പ്പട്ടികയിൽ അനർഹർ ഉൾപ്പെട്ടിട്ടുള്ള തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) മുൻഗണനപ്പട്ടികയിലെ അനർഹരെ ഒഴിവാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, വൈദ്യുതി വകുപ്പ്, ഇ.പി.എഫ്. കമ്മീഷണർ, ട്രഷറി വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് വേണ്ട നടപടി സ്വീകരിക്കുമോ; | (ബി) നടപടി സ്വീകരിച്ച് വരുന്നു. |
| (സി) മുൻഗണനപ്പട്ടികയിൽ നിന്നും സ്വയം ഒഴിയാത്ത അനർഹരായ കാർഡ് ഉടമകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ? | (സി) അനർഹരെ ഒഴിവാക്കി അർഹരെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സമയബന്ധിതമായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനോടനു ബന്ധിച്ച് മുൻഗണനാ കാർഡിൽ ഉൾപ്പെട്ടിട്ടുളള സർക്കാർ ഉദ്യോഗസ്ഥർ, സർക്കാർ അംഗീകൃത |

സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ, സഹകരണ മേഖലയിലെ ജീവനക്കാർ, സർവ്വീസ് പെൻഷൻകാർ എന്നിവർ കൃത്യമായി റേഷൻ കാർഡ് തിരിച്ചേൽപ്പിച്ച് മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ 10.08.2017-വരെ സമയപരിധി നൽകിയിട്ടുണ്ട്. ഇതിനുപരിയായി അനർഹർക്കെതിരെ ഇൻഡ്യൻ ക്രിമിനൽ ശിക്ഷാനിയമ പ്രകാരവും അവശ്യസാധന നിയമം, 1955 പ്രകാരവും നടപടിയെടുക്കുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ വകുപ്പ് മേധാവികൾക്കും, സ്ഥാപന മേധാവികൾക്കും ബന്ധപ്പെട്ട എല്ലാവർക്കും ഇക്കാര്യം സംബന്ധിച്ച കർശന നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 3 (13) ന്റെ അടിസ്ഥാനത്തിൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരം പ്രസിദ്ധീകരിക്കുന്ന മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിന് വിധേയമാക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു.

*സെക്ഷൻ ഓഫീസർ*